# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1936 19-06-2012-ൽ മറുപടിക്ക്

### ഊർജ്ജ രംഗത്ത് പ്രഖ്യാപിച്ച നൂറു ദിന കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ ഊർജ്ജ രംഗത്ത് പ്രഖ്യാപിച്ച നൂറുദിന കർമ്മ പദ്ധതികളിൽ പ്രധാനപ്പെട്ട ഏതെല്ലാം നടപ്പാക്കി എന്നും ബാക്കി ഏതെല്ലാം നടപ്പാക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | (എ) 1) ചിമ്മിനി (2.5 MW) പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 2011 ആഗസ്റ്റ് 29 ന് നടന്നു. (2) ആനക്കയം (7.5 MW) പദ്ധതിക്ക് കേന്ദ്ര വനംപരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി ലഭിക്കാനുണ്ട്, (3) പെരുന്തേനരുവി (6 MW) പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 2011 ആഗസ്റ്റ് 28 ന് നടത്തുകയുണ്ടായി.<br><br>ആകെ 31 MW ശേഷി വരുന്ന അപ്പർ ചെങ്കുളം (24 MW), മാർമല (7 MW) എന്നീ ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ എഞ്ചിനീയറിംഗ് സർവ്വേ പൂർത്തിയാക്കി അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു.<br><br>എട്ട് 33 കെ.വി. സബ്- സ്റ്റേഷനുകളും നാല് 110 കെ.വി. സബ് സ്റ്റേഷനുകളും കമ്മീഷൻ ചെയ്തു.<br><br>ഈ സർക്കാർ അധികാരമേറ്റശേഷം 4.37 ലക്ഷം സർവ്വീസ് കണക്ഷനുകൾ നൽകി. കൂടാതെ 2787 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 4272 കി.മീ. സിംഗിൾ ഫേസ് എൽ.ടി. ലൈൻ, ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും 4663 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 4528 കിലോമീറ്റർ എൽ.ടി. ലൈൻ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഹരിപ്പാട് കേന്ദ്രമാക്കി ഒരു ഡിവിഷൻ ഓഫീസ് ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | 6 സെക്ഷൻ ഓഫീസുകൾ, ഇരിങ്ങാലക്കുടയിൽ ഒരു മിനി വൈദ്യുതി ഭവൻ എന്നിവയുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. |
| (ബി) | ഊർജ്ജ വിതരണ രംഗത്ത് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | 10 പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ 4 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 38 ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>രണ്ട് 220 കെ.വി., അഞ്ച് 110 കെ.വി., നാല് 66 കെ.വി., ഒൻപത് 33 കെ.വി. എന്നീ സബ് സ്റ്റേഷനുകളുടെ നിർമ്മാണം നടന്നു വരുന്നു. കൂടാതെ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.<br><br>നടപടിക്രമങ്ങൾ ലഘൂകരിച്ചതുകൊണ്ട് ഗാർഹിക കണക്ഷനുകൾക്കുള്ള അപേക്ഷകർക്കും പഞ്ചായത്ത് പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് കണക്ഷൻ ആവശ്യമുള്ളവർക്കും പ്രയോജനം ലഭിക്കും.<br><br>ആർ.ജി.ജി.വി.വൈ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആർ.എ.പി.ഡി.ആർ.പി. പാർട്ട് എ യുടെ ഭാഗമായുള്ള ഐ.ടി സ്കാഡ ഇംപ്ലിമെൻറേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എല്ലാ എൽ.റ്റി. ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് കേരളത്തിൽ എവിടേയും അടയ്ക്കുന്നതിനുള്ള വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംവിധാനം "ഒരുമ നെറ്റ്" പരീക്ഷണാടിസ്ഥാനത്തിൽ വെള്ളയമ്പലം. പുത്തൻചന്ത എന്നീ സെക്ഷനുകളിൽ നടപ്പിലാക്കി. 'ഇ-ടെൻഡറിംഗ്' സംവിധാനം പ്രാവർത്തികമാക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. |

| | |
|---|---|
| (സി) സാധാന സാമഗ്രികളുടെ സന്തുലിതമായ വിതരണത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; ഗുണഭോക്താക്കളുടേയും അപേക്ഷകരുടെയും എണ്ണത്തിനനുസരിച്ച് സാധന സാമഗ്രികൾ വിതരണം ചെ യ്യാൻ നടപടി സ്വികരിക്കുമോ? | (സി) സാധനസാമഗ്രികളുടെ സന്തുലിതമായ വിതരണത്തിനായി ഗുണമേന്മയുള്ള സാധന സാമഗ്രികൾ ആവശ്യമുള്ള സ്ഥലത്തും സമയത്തും എത്തിക്കുന്നതിലേയ്ക്കായി "ഓപ്റ്റിമൈസിങ്ങ് സപ്ലൈ ചെയിൻ മാനേജ്മെന്റ് ഇൻ കെ.എസ്.ഇ.ബി." എന്ന ഒരു പ്രോജക്ട് നടപ്പിലാക്കി വരുന്നു. സാധന സാമഗ്രികളുടെ ലഭ്യതയെയും അവയുടെ നീക്കങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വെബ് ആധാരമാക്കിയിട്ടുള്ള ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുകയും അത് വിതരണമേഖലയിൽ 01.04.2011 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതിനോടനുബന്ധിച്ചുള്ള ആധുനിക സംവിധാനങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ സാധനസാമഗ്രികളുടെ കൂടുതൽ കാര്യക്ഷമവും സന്തുലിതവുമായ വിതരണം സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം 1

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ.

**2012-13**

| Sl. No. | പദ്ധതിയുടെ പേര് | MW | MU | ജില്ല |
|---|---|---|---|---|
| 1 | ഒലിക്കൽ | 4.5 | 10.18 | കോഴിക്കോട് |
| 2 | പൂവാരംതോട് | 2.7 | 5.88 | കോഴിക്കോട് |
| 3 | ചെമ്പുക്കടവ് III | 6.0 | 14.92 | കോഴിക്കോട് |
| 4 | പെരുവണ്ണാമൂഴി | 6.0 | 24.7 | കോഴിക്കോട് |
| 5 | അപ്പർ കല്ലാർ | 2.0 | 5.15 | ഇടുക്കി |
| 6 | മാങ്കുളം | 40.0 | 82.0 | ഇടുക്കി |
| | **Total** | 61.2 | 142.83 | |

**2013-14**

| Sl. No. | പദ്ധതിയുടെ പേര് | MW | MU | ജില്ല |
|---|---|---|---|---|
| 1 | ലാഡ്രം | 3.5 | 10.47 | ഇടുക്കി |
| 2 | ചിന്നാർ | 24 | 76.45 | ഇടുക്കി |
| 3 | പീച്ചാട് | 3 | 7.73 | ഇടുക്കി |
| 4 | വെസ്റ്റേൺ കല്ലാർ | 5 | 14.29 | ഇടുക്കി |
| 5 | മാർമ്മല | 7 | 16.72 | കോട്ടയം |
| 6 | അപ്പർ ചെങ്കുളം | 24 | 59.2 | ഇടുക്കി |
| 7 | ചാത്തൻകോട്ടനട I | 3.5 | 7.98 | കോഴിക്കോട് |
| 8 | പഴശ്ശിസാഗർ | 15 | 42.14 | കണ്ണൂർ |
| | **Total** | 85.00 | 234.98 | |

## 2014-15

| SL No. | പദ്ധതിയുടെ പേര് | MW | MU | ജില്ല |
|---|---|---|---|---|
| 1 | അച്ചൻകോവിൽ | 30 | 75.81 | കൊല്ലം |
| 2 | പാമ്പാർ | 40 | 84.79 | ഇടുക്കി |
| 3 | വാലൻതോട് | 5.25 | 17.67 | മലപ്പുറം |
| 4 | മരിപ്പുഴ | 5 | 10.85 | കോഴിക്കോട് |
| 5 | കക്കാടംപൊയിൽ I | 20 | 55 | മലപ്പുറം |
| 6 | കക്കാടംപൊയിൽ II | 5 | 15 | മലപ്പുറം/കോഴിക്കോട് |
| 7 | തോനിയാർ | 4 | 8.85 | ഇടുക്കി |
| 8 | തൊമ്മൻകുത്ത് | 4.5 | 19.4 | ഇടുക്കി |
| 9 | ഇമ്പൂർമുഴി | 7 | 19.77 | തൃശ്ശൂർ |
| | **Total** | **120.75** | **307.14** | |

## 2015-16

| SL No. | പദ്ധതിയുടെ പേര് | MW | MU | ജില്ല |
|---|---|---|---|---|
| 1 | കാന്തൻപാറ | 66 | 162.23 | വയനാട് |
| 2 | പാൽച്ചുരം II | 6 | 13.66 | കണ്ണൂർ |
| 3 | പാൽച്ചുരം III | 3.5 | 8.12 | കണ്ണൂർ |
| 4 | ആനക്കാംപൊയിൽ | 7.5 | 22 | കോഴിക്കോട് |
| 5 | നാരങ്ങത്തോട് | 9 | | കോഴിക്കോട് |
| 6 | കണ്ണൻകുഴി | 7 | 16.69 | തൃശ്ശൂർ |
| 7 | കീഴാർകുത്ത് | 15 | | ഇടുക്കി |
| 8 | ആവൻകട്ടി ചിറ്റൂർ | 10 | 22.8 | ഇടുക്കി |
| 9 | മുരിക്കടവ് | 2 | 5.92 | കണ്ണൂർ |
| 10 | വൈത്തിരി | 60 | 167.47 | വയനാട് |
| 11 | വക്കലാർ | 24 | 60.94 | പത്തനംതിട്ട |
| | **Total** | 210 | | |

**2016-17**

| SL No. | പദ്ധതിയുടെ പേര് | MW | ജില്ല |
|---|---|---|---|
| 1 | അപ്പർ ചെങ്കുളം II | 24 | ഇടുക്കി |
| 2 | പൊരിങ്ങൽകുത്ത് II | 24 | തൃശ്ശൂർ |
| 3 | മാങ്കുളം II | 40 | ഇടുക്കി |
| 4 | തൊട്ടിയാർ II | 30 | ഇടുക്കി |
| **Total** | | **118** | |

| | | |
|---|---|---|
| 2012-13 | 6 പദ്ധതികൾ | 61.2 മെഗാവാട്ട് |
| 2013-14 | 8 പദ്ധതികൾ | 85 മെഗാവാട്ട് |
| 2014-15 | 9 പദ്ധതികൾ | 120. 75 മെഗാവാട്ട് |
| 2015-16 | 11 പദ്ധതികൾ | 210.0 മെഗാവാട്ട് |
| 2016-17 | 4 പദ്ധതികൾ | 118.0 മെഗാവാട്ട് |
| ആകെ | 38 പദ്ധതികൾ | 594. 95 മെഗാവാട്ട് |

സെക്ഷൻ ഓഫീസർ